# ബി. എ. മലയാളം (സി ബി സി എസ്) ഡിഗ്രി പരീക്ഷ
# മാതൃകാ ചോദ്യപേപ്പർ (General Essay) 2017

**ഏതെങ്കിലും ഒരു വിഭാഗത്തിൽ നിന്നു മാത്രം ഉത്തരം എഴുതുക.**
**ഓരോ വിഭാഗം ചോദ്യങ്ങൾക്കും 80 മാർക്ക് വീതം (4 x 20)**

സമയം - 3 മണിക്കൂർ
മാർക്ക് - 80

## വിഭാഗം 1

1. കേരളത്തിലെ അനുഷ്ഠാനരംഗാവതരണങ്ങളിൽ കളംപാട്ടിന്റെ പ്രാധാന്യം പരിശോധിക്കുക
2. കോട്ടയം കഥകളിൽ ലക്ഷണമൊത്ത ആട്ടക്കഥയാണ് "നിവാതകവചകാലകേയവധം"- ഈ പ്രസ്താവന ശരിയോ? നിരൂപിക്കുക
3. പടയണിയുടെ സാംസ്കാരിക പശ്ചാത്തലം പരിശോധിക്കുക
4. പൊതുസമൂഹത്തിന്റെ ആഹ്ലാദ നിമിഷങ്ങളെ പരിപോഷിപ്പിക്കുന്നവയാണ് വിനോദ നാടകങ്ങൾ. വിശദമാക്കുക

## വിഭാഗം 2

1. വൈലോപ്പിള്ളിയുടെ മാമ്പഴം എന്ന കവിതയ്ക്കുണ്ടായ വായനയുടെ വ്യത്യസ്ത സമീപനങ്ങളെ വിലയിരുത്തുക
2. അധികാരവും അറിവും തമ്മിലുള്ള പുതിയ വിനിമയ വിരക്കുകൾ എങ്ങിനെയാണ് ഖസാക്കിന്റെ ഇതിഹാസത്തിൽ പ്രവർത്തിക്കുന്നതെന്നാണ് ലേഖകന്റെ അഭിപ്രായം
3. ഹൈന്ദവ ജനതയ്ക്ക് മദ്ധ്യകാലയളവിൽ ബാധിച്ച ഇരുട്ടിൽ നിന്നും വെളിച്ചം വിതറിയ പ്രോമിത്യൂസ് ആണ് ശ്രീനാരായണ ഗുരു ചർച്ച ചെയ്യുക
4. പഴഞ്ചൊല്ലുകളിൽ ഒളിച്ചിരിക്കുന്ന വിരുദ്ധ പ്രത്യയശാസ്ത്രം പരിശോധിക്കുക

## വിഭാഗം 3

1. പാട്ടിന്റെ ലക്ഷണം സോദാഹരണം വിശദീകരിക്കുക
2. നമ്പ്യാർ കവിതയിലെ കേരളീയത- ഉപന്യസിക്കുക
3. മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്ത ചിരി എന്നു പറയാനുള്ള കാരണം സോദാഹരണം വിശദീകരിക്കുക
4. പ്രാചീന ചമ്പുക്കളും മദ്ധ്യകാല ചമ്പുക്കളും തമ്മിള്ള വ്യത്യാസങ്ങൾ വിശകലനം ചെയ്യുക.

## വിഭാഗം 4

1. ഭാഷോൽപത്തി സിദ്ധാന്തങ്ങൾ വിശദീകരിക്കുക
2. മലയാളത്തിലെ ഭേദകം എന്നാൽ എന്ത്?
3. അം പ്രത്യയത്തെക്കുറിച്ചുള്ള അഭിപ്രായ ഭേദങ്ങൾ ചർച്ച ചെയ്യുക
4. അനുപ്രയോഗം എന്നാൽ എന്ത്?ഭാഷയിൽ അതിനുള്ള പ്രസക്തി എന്ത്?